**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88** **12-06-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി എത്ര ബോട്ടുകളാണ് അനുവദിച്ചിട്ടുള്ളത്; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) യിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പദ്ധതിയുടെ ഭാഗമായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.<br><br>പദ്ധതി പ്രവർത്തനങ്ങൾ മന്ത്രിതലത്തിലും ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ഫിഷറീസ് വകുപ്പ് തലത്തിലും കൃത്യമായി വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാതലത്തിൽ ജില്ല ഫിഷറീസ് ഓഫീസർ ചെയർമാനായിട്ടുള്ള ജില്ലാ തല കമ്മിറ്റിയെയാണ് യാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഇത്തരം ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ നിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അവ പരിഹരിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മന്ത്രിതലത്തിലും, പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും |

കൊച്ചിൻ ഷിപ്പ് യാർഡിന്റെ പ്രതിധിനിധികളെയും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) പ്രതിനിധികളെയും ഗുണഭോക്തൃ ഗ്രൂപ്പിലെ അംഗങ്ങളെയും ഉൾപ്പെടുത്തി അവലോകനം നടത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ഉന്നയിച്ച ചില അപാകതകൾ നേരിട്ട് പരിശോധിക്കുന്നതിന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയും, ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് (CSL) പ്രതിനിധികളെയും, പദ്ധതിയുടെ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി 06/11/2023 -ന് ചേർന്ന മന്ത്രിതല യോഗത്തിലെ  നിർദ്ദേശത്തെ തുടർന്ന് ഫിഷറീസ് ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി. ഐ. യു.), മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു പരിശോധന സമിതിയെ നിയോഗിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ്, വകുപ്പിലെ ഉദ്യോഗസ്ഥ സംഘം, ഉഡുപ്പി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ പ്രതിനിധികൾ, യാനത്തിൽ സ്ഥാപിച്ചിട്ടുള്ള  എഞ്ചിൻ, ഫ്രീസർ, ജനറേറ്റർ എന്നിവയുടെ ചുമതലയുള്ള കമ്പനികൾ എന്നിവർ സംയുക്തമായി 13/11/2023, 29/11/2023 തീയതികളിൽ യാനങ്ങൾ പരിശോധിക്കുകയും യാനങ്ങളുടെ പോരായ്മകൾ പരിഹരിക്കുകയും വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് അതാത് ഗ്രൂപ്പ് അംഗങ്ങൾ ഒപ്പിട്ട് സി. എസ്. എൽ മുഖാന്തിരം ഫിഷറീസ് വകുപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിജയകരവും ലാഭകരവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികൾ ചുവടെ പറയുന്ന കാര്യങ്ങൾ പാലിക്കണം എന്നും പരിശോധന സംഘം നിർദ്ദേശിച്ചിട്ടുണ്ട്.

1. യാനത്തിലെ യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും പ്രവർത്തനത്തെക്കുറിച്ചുള്ള അവബോധവും ബോട്ടിന്റെ ശരിയായ പരിപാലനത്തിന് അത്യന്താപേക്ഷിതമാണ്.  ആയതിനാൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ സി. എസ്. എൽ ന്റെ ഉഡുപ്പിയിലെ യാർഡിൽ നൽകുന്ന പരിശീലനത്തിൽ നിർബ്ബന്ധമായും പങ്കെടുക്കണം. .
2. മത്സ്യത്തൊഴിലാളികൾ ടി മത്സ്യബന്ധന യാനങ്ങൾ അവരുടെ സ്വന്തമാണെന്ന് കണക്കാക്കുകയും യാനത്തിന്റെ ഡെക്ക്

വൃത്തിയായി സൂക്ഷിക്കുകയും, ഡ്രെയിൻ പൈപ്പുകൾ വൃത്തിയാക്കുന്നതിനും, യാനത്തിന്റെ തേയ്മാനം കുറയ്ക്കുന്നതിനും വേണ്ടത്ര ശ്രദ്ധ ചെലുത്തുകയും വേണം.

ആഴക്കടൽ മത്സ്യബന്ധന യാനത്തിനുണ്ടാകുന്ന അറ്റകുറ്റപ്പണികൾ മത്സ്യത്തൊഴിലാളികൾക്ക് താമസംവിനാ നടത്തുന്നതിന് ആലപ്പുഴ, എറണാകുളം എന്നീ തീരദേശ ജില്ലകളിൽ അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളും, ശേഷിയുമുള്ള മത്സ്യഫെഡ് തെരഞ്ഞെടുത്ത പ്രാദേശിക വർക്ക്ഷോപ്പുകൾ ഉഡുപ്പി കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് -നെ അറിയിക്കുകയും ആയത് ഉഡുപ്പി കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകൾ മുഖേന ഇത് സംബന്ധിച്ച ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് അറിയിപ്പ് നല്കിയിട്ടുമുണ്ട്.

16/01/2024-ന് മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ ആഴക്കടൽ മത്സ്യബന്ധനയാനം ലഭിച്ച ഓരോ ഗ്രൂപ്പിലേയും അംഗങ്ങളെ പങ്കെടുപ്പിക്കുകയും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET), ഉഡുപ്പി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നിവരുടെ പ്രതിനിധികൾ ഉൾപ്പെടുന്ന സംഘം രൂപീകരിച്ച് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം കടലിൽ വച്ച് നേരിട്ട് വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചു. ആയതു പ്രകാരം സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET), ഉഡുപ്പി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്, മെയിൻ എഞ്ചിൻ, റഫ്രിജറേറ്റഡ് ചേംബർ, ജെൻസെറ്റുകൾ എന്നിവയുടെ ബന്ധപ്പെട്ട ടെക്നീഷ്യൻമാർ, മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളുടെ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നിവരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സംഘം 31/01/2024-ൽ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം കടലിൽ നേരിട്ട് വിലയിരുത്തി റിപ്പോർട്ട് സമർപ്പിച്ചു.

യാനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) മുന്നോട്ട് വച്ച നിർദേശങ്ങൾ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 04/03/2024 തീയതിയിലെ യോഗത്തിൽ ഉഡുപ്പി കൊച്ചിൻ

| | | | |
|---|---|---|---|
| | | | ഷിപ്യാർഡ് ലിമിറ്റഡ് (CSL), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയുകയും മത്സ്യത്തൊഴിലാളികളുടെ അറിവിലേക്ക് വെസ്സൽ ഓപ്പറേഷൻ മാനുവൽ നൽകുന്നതിനും, ആവശ്യമായ പരിശീലനം നല്കുന്നതിനും ഉഡുപ്പി കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് (CSL) നോട് നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് 08.05.2024 തീയതിയിൽ മന്ത്രിതലത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ യാനങ്ങളിൽ വരുത്തുന്നതിന് 5 യാനങ്ങളും ജൂലൈ ആദ്യ വാരം തന്നെ ഉഡുപ്പി കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് (CSL) ന്റെ ഉടുപ്പി യാർഡിൽ എത്തിച്ച് ഗുണഭോക്താക്കളുടെ സാന്നിധ്യത്തിൽ തന്നെ എല്ലാ പ്രവൃത്തികളും പൂർത്തികരിക്കുന്നതിനും അതിനു ശേഷം സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) നെ ഉൾപ്പെടുത്തി യാനങ്ങളുടെ കടലിൽ വച്ചുള്ള സംയുക്ത പരിശോധനയും നടത്തി ഗുണഭോക്താക്കൾക്ക് ട്രോൾ ബാൻ കാലയളവ് കഴിയുന്ന ആഗസ്റ്റ് 1 മുതൽ മത്സ്യബന്ധനത്തിന് പോകുവാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ കൂടുതൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ്ങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യുടെ നേതൃത്വത്തിൽ ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC) -ന്റെ സാമ്പത്തിക സഹായത്തോടെ മൂന്നു ദിവസത്തെ പരിശീലനം വകുപ്പിന്റെ കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM) ൽ വച്ച് നൽകിയിട്ടുണ്ട്.<br><br>കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തെരഞ്ഞെടുത്ത അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ വച്ച് ബോട്ടുകൾ കൈമാറുന്നതിന് മുൻപേ തന്നെ പരിശീലനം നൽകിയിട്ടുണ്ട്. അവർക്ക് വീണ്ടും പരിശീലനം |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ നൽകുന്നതിന് ഉടുപ്പി കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് (CSL) സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് 2024 ജൂലൈ ആദ്യവാരം വീണ്ടും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ  സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതുമായ പ്രവർത്തന മാനുവൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ